രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

136(2777) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനിൽ ലഭ്യമാക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കിയ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ, ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാവിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം സുഗമവും കാര്യക്ഷമവുമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) 1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. കമ്പ്യൂട്ടറുകളിൽ നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly

5. നിലവിൽ, ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം സംസ്ഥാനത്തെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും മേൽ സംവിധാനം നടപ്പിലാക്കിവരുന്നു.

6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

7. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പി.ഡബ്ല്യു.ഡി. വർക്കുകളുടെ ഗുണനിലവാരം

137(2778) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. വർക്കുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ച പ്രവർത്തനം നടപ്പാക്കി വരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. അഞ്ചു കോടിയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുന്നതിനും നിഷ്കർഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly